**25.07.2023**

# KGBEU OU **ബുള്ളറ്റിൻ 82/2023**

സഖാക്കളെ,

**വിഷയം: വനിതാ ജീവനക്കാരിക്ക് അർഹമായ മറ്റേണിറ്റി ലീവ് അനുവദിച്ചു**

KGB മാനേജ്മെന്റിന്റെ സ്ത്രീവിരുദ്ധ നിലപാടുകൾക്കെതിരെ ഇന്നലെ ഹെഡ് ഓഫീസിൽ നാം ശക്തമായ പ്രതിഷേധം സംഘടിപ്പിച്ചിരുന്നു. അർഹമായ ആനുകൂല്യം നേടിയെടുക്കാൻ ഏതറ്റം വരെയും നമ്മുടെ സംഘടന പോകും എന്ന് തിരിച്ചറിഞ്ഞ മാനേജ്മെന്റ് അർഹമായ മറ്റേണിറ്റി ലീവ് നിഷേധിച്ച വിഷയത്തിൽ അനുകൂലമായ തീരുമാനം എടുത്തിരിക്കുകയാണ്. HR വിങ്ങിൽ നിന്നും, ബന്ധപ്പെട്ട ജീവനക്കാരിയെ പ്രസ്തുത കാര്യം വിളിച്ച് അറിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ രണ്ടുമാസം കൂടി അർഹമായ ലീവിൽ തുടരാൻ അവർക്ക് സാധിക്കും.

മറുപടി കൊടുക്കാതെ പൂഴ്ത്തി വച്ച പരാതിയിന്മേൽ മറുപടി കൊടുത്തതായും അറിയാൻ സാധിച്ചു. നീതി നിഷേധത്തിനെതിരെ സന്ധിയില്ലാ സമരം ചെയ്യുമെന്ന സംഘടനയുടെ നിലപാട് ഒരിക്കൽക്കൂടി അരക്കിട്ട് ഉറപ്പിച്ചിരിക്കുകയാണ് ഈ സംഭവങ്ങളിലൂടെ.

മാനേജ്മെന്റിന്റെ അതിക്രമങ്ങളും തെറ്റായ നടപടികളും മൂലം സാങ്കേതിക കാരണങ്ങൾ പറഞ്ഞ് ശമ്പളം നിഷേധിക്കപ്പെട്ട വനിതാ ജീവനക്കാർ വേറെയുമുണ്ട്. അവർക്കും നീതി ലഭ്യമാക്കാൻ നാം പൊരുതാൻ തന്നെയാണ് തീരുമാനിച്ചിരിക്കുന്നത്. നിയമപരമായി ലഭിക്കേണ്ടുന്ന സംഘടനാ സ്വാതന്ത്ര്യം കവർന്നെടുക്കാൻ മാനേജ്മെന്റ് തീരുമാനിച്ചതിന്റെ ഭാഗമായി പ്രൊബേഷൻ extend ചെയ്ത തീരുമാനം ഉൾപ്പെടെ തിരുത്തപ്പെടേതുണ്ട്.

**സംഘടിച്ച് പോരാടിയല്ലാതെ ഒന്നും നേടിയിട്ടില്ല, ഒന്നും നേടാനുമാകില്ല. സുശക്തമായി മുന്നോട്ട്**

അഭിവാദ്യങ്ങളോടെ,

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)